പ്രവർത്തനത്തിന് തുറന്നുകൊടുക്കുവാൻ സജ്ജമായിട്ടുണ്ട്. കൂടാതെ ഗ്രാമപഞ്ചായത്തുകളിൽ ടെക്നോളോഡ്ജ് പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്.

(ഡി) ഐ. ടി. രംഗത്ത് പഠന പരിശീലന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ICT അക്കാദമി സ്ഥാപിക്കാൻ നടപടികൾ എടുത്തിട്ടുണ്ട്.

ഐ.ടി., ടൂറിസം മേഖലകൾക്ക് അനുവദിച്ച വിഹിതം

7(*157) ഡോ. കെ. ടി. ജലീൽ :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. അൽഫോൺസ് കണ്ണന്താനം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ വളർച്ചാ മേഖലകൾക്ക് സാമ്പത്തിക പിന്തുണ നൽകുന്നതിന് ധനവകുപ്പ് പ്രത്യേക ശ്രദ്ധ നൽകുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഐ.ടി. മേഖലയ്ക്കുള്ള വിഹിതത്തിൽ എത്ര ശതമാനം വർദ്ധനവ് വരുത്തിയിട്ടുണ്ട്;

(സി) ഐ.ടി. മേഖലയിൽ നിന്നുള്ള വരുമാനത്തിൽ ഉണ്ടായിട്ടുള്ള വർദ്ധനവ് വ്യക്തമാക്കുമോ;

(ഡി) ടൂറിസം മേഖലയ്ക്കായി കൂടുതൽ വിഹിതം അനുവദിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഇ) സംസ്ഥാനത്തിന്റെ വാണിജ്യവികസനത്തിന് സഹായിക്കുന്ന ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ മെച്ചപ്പെട്ട രീതിയിൽ സംഘടിപ്പിക്കുന്നതിന് ഈ വർഷം എത്ര കോടി രൂപ അനുവദിച്ചു എന്ന് വെളിപ്പെടുത്തുമോ ?

ധനകാര്യ വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) ഉണ്ട്. ആധുനിക വളർച്ചാ മേഖലകളായ വൻകിട വ്യവസായം, ടൂറിസം, ഐ. ടി. എന്നിവയ്ക്ക് ബഡ്ജറ്റിൽ തുക വകയിരുത്തുന്ന കാര്യത്തിൽ ഈ വകുപ്പ് മതിയായ പരിഗണനയാണ് നൽകി വരുന്നത്. പ്രസ്തുത മേഖലകളുടെ പദ്ധതി ചെലവ് 2001-02 മുതൽ 2005-06 വരെ ശരാശരി 208 കോടി രൂപയായിരുന്നത് കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ ശരാശരി 272 കോടി രൂപയായി ഉയർന്നു. 2010-11-ൽ ഈ മേഖലകളുടെ അടങ്കൽ 423 കോടി രൂപയാണ്. കൂടാതെ പദ്ധതിയേതര ഇനത്തിൽ 2009-10 ടൂറിസം റോഡുകളുടെ നവീകരണത്തിനായി 52 കോടി രൂപയും കെ.എസ്.ഐ.ഡി.സി. പാർക്കുകളിലേക്കുള്ള റോഡുകളുടെ നവീകരണത്തിനായി 45 കോടി രൂപയും ഐ.ടി. പാർക്കുകളുടെ റോഡ് നവീകരണത്തിനായി 20 കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. 2010-11-ൽ ഈ ആവശ്യങ്ങൾക്കായി 50 കോടി രൂപ പദ്ധതിയേതരയിനത്തിൽ വകയിരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഐ. ടി. മേഖലയ്ക്കായി 2009-10-ൽ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത് 81.17 കോടിയായിരുന്നെങ്കിൽ അത് 2010-11-ൽ 152.8 കോടിയായി വർദ്ധിച്ചു. അതായത് ഐ.ടി. മേഖലയ്ക്കു മാത്രം നടപ്പു വർഷം 88% വർദ്ധനയുണ്ട്. നിലവിലുള്ള ഐ.ടി. പാർക്കുകളുടെ വികസനത്തിനും പുതുതായി ആരംഭിക്കുന്ന പാർക്കുകൾക്ക് ഭൂമി ഏറ്റെടുക്കുന്നതിനുമായി നടപ്പു വർഷം ആകെ 166 കോടി രൂപ ബഡ്ജറ്റിൽ പദ്ധതിയിനത്തിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ പദ്ധതിയേതര ഇനത്തിൽ ഐ.ടി. പാർക്കുകളിലേക്കുള്ള റോഡുകളുടെ വികസനത്തിന് 2009-10-ൽ 20 കോടി രൂപയും 2010-11-ൽ 10 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

(സി) സോഫ്റ്റ്വെയർ ടെക്നോളജി പാർക്ക് ഓഫ് ഇന്ത്യയുടെ രേഖകൾ അനുസരിച്ച് 2006-07-ൽ 750 കോടി രൂപയായിരുന്ന ഐ.ടി. കയറ്റുമതി 2009-10-ൽ 1956.44 കോടി രൂപയായി വർദ്ധിച്ചു.

(ഡി) ഉണ്ട്. ടൂറിസം മേഖലയ്ക്കായി 2001-02 മുതൽ 2005-06 വരെ ആകെ 350.35 കോടി രൂപയായിരുന്നു ബഡ്ജറ്റ് വിഹിതം. എന്നാൽ കഴിഞ്ഞ 5 വർഷക്കാലയളവിൽ ടൂറിസം മേഖലയ്ക്കുള്ള ബഡ്ജറ്റ് വിഹിതം 423.29 കോടി രൂപയായി ഉയർന്നു. കൂടാതെ ടൂറിസം റോഡുകളുടെ നവീകരണത്തിന് 2009-10-ൽ 52 കോടി രൂപയും 2010-11-ൽ 20 കോടി രൂപയും നോൺ പ്ലാൻ വിഹിതമായി അനുവദിച്ചിട്ടുണ്ട്.

(ഇ) കേരളത്തെ ഒരു ഷോപ്പിംഗ് ഡെസ്റ്റിനേഷനാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെയാണ് ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ ആവിഷ്കരിച്ച് 2007 മുതൽ നടപ്പിലാക്കിവരുന്നത്. ഇതിലേക്കായി നടപ്പു സാമ്പത്തിക വർഷം 25 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

ചെറുകിട തൊഴിൽ സംരംഭങ്ങൾക്ക് ബാങ്ക് വായ്പ

8(*158) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. ബി. ബാബു പ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്തു നിന്നും നാട്ടിൽ തിരിച്ചെത്തിയ പ്രവാസികൾക്കായി നടപ്പിലാക്കി വരുന്ന ചെറുകിട തൊഴിൽ സംരംഭ പദ്ധതികൾക്ക് ബാങ്ക് വായ്പ ലഭിക്കുന്നതിന് നേരിടുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ കൈക്കൊണ്ടിട്ടുണ്ട് എന്നറിയിക്കുമോ;

(ബി) ഇത്തരം പദ്ധതികൾക്കായി സർക്കാർ ധനസഹായം നൽകുന്നതിനുള്ള മാനദണ്ഡങ്ങളിൽ എന്തൊക്കെ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട് ;

(സി) സർക്കാർ സഹായവും ബാങ്ക് വായ്പയും കൂടുതൽ ഉദാരമായ വ്യവസ്ഥകളോടെ ലഭ്യമാക്കുന്നതിന് ആവശ്യമായ എന്തൊക്കെ നടപടികളാണ് ഇനിയും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly